പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 572 29.05.2019 ലെ മറുപടിക്ക്

**കയർ ഫെഡിന്റെ നൂതന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാരിന്റെ കാലത്ത് കയർ വ്യവസായ മേഖലയിൽ കയർഫെഡ് നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികൾ വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന്റെ പ്രവർത്തനങ്ങളിൽ സമഗ്രമായ പുരോഗതി ഉണ്ടായിട്ടുണ്ട്. വാങ്ങൽ, വിൽപ്പന, വിറ്റുവരവ് എന്നിവയിൽ കയർഫെഡ് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷക്കാലങ്ങളിൽ വമ്പിച്ച കുതിച്ചുകയറ്റമാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവസാനത്തെ സാമ്പത്തിക വർഷമായ 2015-16-ൽ 78,820.43 ക്വിൻറൽ കയർ സംഭരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ കയർഫെഡിന്റെ സംഭരണം 1,57,292.33 ക്വിൻറലായി വർദ്ധിച്ചിട്ടുണ്ട് (99.55% വർദ്ധനവ്). 2015-16 വർഷത്തെ കയറിന്റെ വിൽപ്പന 69,328.62 ക്വിൻറൽ എന്ന നിലയിൽ നിന്നും 2018-19 വർഷത്തിൽ ആയത് 1,55,882.53 ക്വിൻറലായി വർദ്ധിച്ചിട്ടുണ്ട് (125% വർദ്ധനവ്).<br>2018-19 സാമ്പത്തിക വർഷം മാത്രം കയർഫെഡ് 17.16 കോടി രൂപ വിലയുള്ള 66,75,316 കിലോ ചകിരി വാങ്ങി അംഗസംഘങ്ങൾക്ക് നൽകുകയുണ്ടായി. കയർഫെഡിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും രൂപയുള്ള ചകിരി സബ്സിഡി നിരക്കിൽ അംഗസംഘങ്ങൾക്ക് നൽകുന്നത്.<br>കേരള സർക്കാരും കയർ വികസന വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കിയ ഭൂവസ്ത്ര വികസന പദ്ധതിയുടെ ഭാഗമായി 11,27,553.7 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം വിന്യസിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴി കയറിന്റെ വിപണന സാധ്യത വളരെയധികം വികസിപ്പിക്കുവാനും |

| | |
|---|---|
| | കഴിഞ്ഞിട്ടുണ്ട്<br>2015-16-ലെ മൊത്തം വിൽപ്പന 56.53 കോടി രൂപയിൽ നിന്നും വർദ്ധിച്ച് 2018-19-ൽ 127.74 കോടി രൂപയായിട്ടുണ്ട് (126% വർദ്ധനവ്).<br><br>കൂടാതെ കയർഫെഡ് ചുവടെ ചേർത്തിട്ടുള്ള നൂതന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br>1) വടവന്നൂരിൽ ഡി.എഫ് മിൽ സ്ഥാപിച്ചു.<br>2) കയർ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിൽപ്പനയ്ക്കായി ഇ-കോമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിന്റെ നടപടി പൂർത്തീകരിച്ചു വരുന്നു.<br>3) ഗാർഡൻ മെറ്റീരിയൽ യൂണിറ്റ് സ്ഥാപിച്ചു |
| ബി) കയർ ഫെഡിന്റെ പ്രവർത്തനം ലാഭത്തിലാണോ നഷ്ടത്തിലാണോയെന്ന് വിശദീകരിക്കുമോ? | ബി) ആഡിറ്റ് പൂർത്തീകരിച്ച 2016-17 വർഷം 60 ലക്ഷത്തോളം രൂപ ലാഭത്തിലാണ്. 2017-18, 2018-19 എന്നീ വർഷങ്ങളിലെ ടെന്റേറ്റീവ് കണക്കുകൾ പ്രകാരം കയർഫെഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ